(ബി) ഈ കാലത്തു എത്ര സഹകരണ സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ടെന്നും, എത്തെല്ലാം സഹകരണ സ്ഥാപനത്തിനു ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ക്ഷേ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഈ കാലഘട്ടത്തിൽ റേഷൻ മൊത്തവ്യാപാരം 24 പേർക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 22-10-1986-ലെ 47-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ എ. വിഭാഗത്തിന്റെ ഉത്തരവിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

തൃശ്ശൂർ കോൾ നിലങ്ങളിലെ കെ. എൽ. ഡി. സി. യുടെ പ്രവർത്തനം

* 145. [148] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾനിലങ്ങളിലെ കെ. എൽ. ഡി. സി. യുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണം എന്താണ് ;

(സി) ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) പദ്ധതി പ്രവർത്തനം നിലച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

വൈദ്യുതി ഉപയോഗിക്കാൻ കഴിയാത്തവർക്ക് ചാർജ്ജിൽ ഇളവ്

* 146. [149] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദിവസവും ആവശ്യത്തിന്റെ പകുതി വിദ്യുച്ഛക്തി പോലും ഉപയോഗിക്കാൻ ലഭിക്കാത്ത ഉപഭോക്താക്കൾക്ക് കെ. എസ് ഇ. ബോർഡിന് അടയ്ക്കേണ്ട കറണ്ട് ചാർജ്ജിൽ കിഴിവ് അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

ഉപഭോക്താക്കൾ ഉപയോഗിക്കാവുന്ന വൈദ്യുതിയുടെ അളവിൽ ഇപ്പോൾ നിയന്ത്രണങ്ങളില്ല. ചില വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾ ഒരു നിശ്ചിത കോട്ടായിൽ കൂടുതൽ വൈദ്യുതി ഉപയോഗിച്ചാൽ ഉയർന്ന നിരക്കിൽ കറണ്ട് ചാർജ്ജ് നൽകേണ്ടിവരുമെന്നു മാത്രമാണ് വ്യവസ്ഥയുള്ളത്. ഗാർഹിക ഉപഭോക്താക്കൾക്കാകട്ടെ ഉയർന്നനിരക്ക് ബാധകമായിട്ടുമില്ല. സ്ലാബ് സമ്പ്രദായത്തിലും പ്രൊവിഷണൽ കാർഡിന്റെ അടിസ്ഥാനത്തിലും കറണ്ട് ചാർജ്ജ് നൽകുന്നവർക്ക് നിശ്ചിത അളവിൽ കുറവ് വൈദ്യുതി ഉപയോഗിക്കുകയാണെങ്കിൽ ചാർജ്ജിൽ ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly